# ചിമിഴ്



ഗവ.ഗേൾസ് എച്ച്.എസ്.എസ്.ആലപ്പുഴ

ഡിജിറ്റൽ മാഗസിൻ

2023-2024

# *Message*



In the digital era there have been drastic changes in all the fields and education has no exception. Digital media plays an important role in receiving, producing, sharing, broadcasting informations. There is no doubt that the digital publications have always being a great option that provide a wide world for magazine design.

I have great pleasure to know that students of little kites bring out a digital magazine on. " **CHIMIZH** "for the year 2023 -2024. I congratulate all the contributions of the editorial board for the sincere effort in making the magazine. I wish all success.

**Ruby Fathima**

***HM***

- കാറ്റ് - 01
- എന്റെ അച്ഛൻ - 02
- കടങ്കഥകൾ - 03
- മലയാളനാട് - 04
- ജവഹർലാൽ നെഹ്റു - 05
- കായിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി - 10
- വിഷാദരോഗം - 13
- मेरी प्यारी बिल्ली - 16
- വിദ്യാഭ്യാസത്തിൽ വിവര സാങ്കേതിക വിദ്യ - 17
- ഡോ.എ.പി.ജെ.അബ്ദുൽ കലാം- 20
- കൂട്ടുകാർ - 23
- മിന്നുവിന്റെ റോസാച്ചെടി - 27

# കാറ്റ്



മുല്ലപ്പൂതല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിൻമുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണുവാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൽ
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടേ
ഒന്നിച്ചേല്പ്പം കളിച്ചു കൂടെ

**- ആദില മോൾ**
9 B

# എന്റെ അച്ഛൻ



സൂര്യരശ്മികൾക്കുപോലുമെന്നേ തഴുകാൻ കഴിയില്ല
എന്നച്ഛനായ കുടയെ മറികടന്നു
എന്റെ കണ്ണുകൾ വിങ്ങുന്ന സമയം
എന്നച്ഛന്റെ നെഞ്ച്പിടയും
എന്നെ മാറോട്ടു ചേർത്ത് വെക്കും
എന്നച്ഛൻ

- ഫർസാന .എ
7B

# കടങ്കഥകൾ

- തേങ്ങാപ്പൂളൊരു തേങ്ങാമുറിയായ്

  ചന്ദ്രൻ

- ചെപ്പുനിറച്ചും പച്ചയിറച്ചി

  കക്ക

- കൊച്ചിയിൽ വിതച്ചത് കൊല്ലത്ത് കാച്ചു

  മത്തൻ,കുമ്പളം,വെള്ളരി

- ചത്താലേ മിണ്ടുള്ളു ചങ്കുച്ചാര്

  ശംഖ്

- അമ്മ തൊട്ടാലും അമ്മയെ തൊട്ടാലും മകൻ ഇല്ലാതാകും

  ഉപ്പ്

- തിന്നില്ല , കുടിക്കില്ല , തല്ലാതെ മിണ്ടില്ല

  ചെണ്ട

- പകലെല്ലാം മിന്നാമിന്നി രാത്രിയിൽ ഇരുട്ടറയിൽ

  കണ്ണ്

- വട്ടത്തിലമ്മ കുളിച്ച് വരുമ്പോൾ കിരികിരിപ്പ്

  പപ്പടം

- കാലിൽ പിടിച്ചാൽ തോളിൽ കേറും

  കുട

- വെളിച്ചത്തിൽ കൂടെ നിന്നവൻ ഇരുട്ടിയപ്പോളെവിടെ പോയി

  നിഴൽ

- ഫിദ ഫാത്തിമ
8


# മലയാളനാട്

മലയാളമാണെൻെറ നാട്...
മലയാളമാണെൻെറ ഭാഷ...
മലകളും പുഴകളും വയലുകളും...
മാടി വിളിക്കുമെൻ മലയാള നാട്...

മലയാള അമ്മേ നീ എങ്ങുപോയി...
നിൻ മനോഹാരിതയെങ്ങുപോയി...
നിൻ മാറിൽ ചായും മരങ്ങളും പുഴകളും
ഇന്നു നമുക്കതു കാൺപതുണ്ടോ...

- റിയാന ബൈജു
7 A

# ജവഹർലാൽ നെഹ്റു




നവഭാരത ശിൽപ്പി എന്നറിയപ്പെടുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സ്വതന്ത്ര ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയാണ്. 1889 നവംബർ 14 ന് ഉത്തർപ്രദേശിലെ അലഹബാദിൽ മോതിലാൽ നെഹ്രുവിന്റെയും സ്വരൂപ്റാണിയുടേയും മകനായി ജനിച്ചു. നെഹ്റു പ്രാഥമിക വിദ്യാഭ്യാസം ഇന്ത്യയിൽ നിന്നും, ഉപരി പഠനം ഇംഗ്ലണ്ടിൽ നിന്നുമാണ് നേടിയത്. ബാരിസ്റ്റർ ബിരുദം നേടിയ അദ്ദേഹം തിരികെ ഇന്ത്യയിൽ വന്ന് 1912 ൽ അലഹബാദ് ഹൈക്കോടതിയിൽ വക്കീലായി പ്രാക്ടീസ് ആരംഭിച്ചു. 1916 ൽ കമലാ കൗളിനെ വിവാഹം ചെയ്തു .അതേ വർഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലക്നൗ സമ്മേളനത്തിൽ വച്ച് ഗാന്ധിജിയെ കണ്ടുമുട്ടി. ഗാന്ധിജിയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ നെഹ്റു സജീവ രാഷ്ട്രീയത്തിലിറങ്ങി. ബ്രിട്ടീഷുകാരിൽ നിന്നും പൂർണമായ സ്വാതന്ത്ര്യം

എന്ന ആവശ്യം അദ്ദേഹം മുന്നോട്ടുവെച്ചു. 1942 ൽ ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കി 1921 മുതൽ 1945 വരെ വിവിധ കുറ്റങ്ങൾ ചുമത്തി നെഹ്റു 9 തവണ ജയിലിൽ അടയ്ക്കപ്പെട്ടിട്ടുണ്ട്. സ്വതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ജയിലിൽ കഴിയവേയാണ് അദ്ദേഹം തന്റെ പല പുസ്തകങ്ങളും രചിച്ചിട്ടിണ്ട്. ഇന്ത്യയെ കണ്ടെത്തൽ,വിശ്വചരിത്രാവലനം,ആത്മകഥ എന്നിവ അവയിൽ ചിലതാണ് . ജയിലിൽ വെച്ച് നെഹ്റു തന്റെ മകൾ ഇന്ദിരാപ്രിയദർശിനിക്ക് എഴുതിയ കത്തുകളാണ് "ഒരച്ഛൻ മകൾക്ക് അയച്ച കത്തുകൾ " എന്ന ഗ്രന്ഥം 1947 ൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ നെഹ്റു ആദ്യ പ്രധാന മന്ത്രിയായി അധികാരമേറ്റു. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച രാത്രിയിൽ അദ്ദേഹം നടത്തിയ പ്രസംഗം, എ ട്രസ്റ്റ് വിത്ത് ഡെസ്റ്റിനി, വളരെ പ്രസിദ്ധമാണ് നീണ്ട 17 വർഷം അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്തിയായി ഇക്കാലയളവിൽ രാജ്യത്ത് കുടുംബാസൂത്രണ പദ്ധതിയും പഞ്ചായത്ത്

രാജ്യം,രാജ്യത്തെ സുസ്ഥിര സാമ്പത്തി പുരോഗതി
ക്കായി. പഞ്ചവൽസര പദ്ധതികളും.അദ്ദേഹം
നടപ്പിലാക്കി.ശീതയുദ്ധ കാലത്ത് ചേരിചേരാനയം
സ്വീകരിച്ചത് പണ്ഡിറ്റ് നെഹ്റു ആയിരുന്നു.ഇന്ത്യ-
യിലെ ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസ
സ്ഥാപനങ്ങളും, ബഹിരാകാശഗവേഷണങ്ങളും,ഇംഗ്ലീഷ്
ഭാഷയുടെ വ്യാപകവളർച്ചയുംഅദ്ദേഹത്തിന്റെ
ദീർഘവീക്ഷണങ്ങളുടെ ഫലമാണ് 1955 ൽ രാഷ്ട്ര
ഭാരതരത്നം നൽകി അദ്ദേഹത്തെ ആദരിച്ചു . 1946
മെയ് 27 ന്പ്രധാനമന്ത്രിയായിരിക്കെതന്നെയായിരു
ന്നു നെഹ്റു അന്തരിച്ചത് . ഏറ്റവും കൂടുതൽ കാലം
ഇന്ത്യൻ പ്രധാനമന്ത്രി പദത്തിലിരുന്ന വ്യക്തി എന്ന
ബഹുമതി നെഹ്റുവിനാണ് കുട്ടികളെ വളരെയധികം
സ്നേഹിച്ചിരുന്ന ഒരു വ്യക്തി എന്ന നിലയിൽ
ലോകമെമ്പാടും നെഹ്റു പ്രസിദ്ധി നേടിയിരുന്നു.
കുട്ടികൾക്കും അദ്ദേഹത്തെ വളരെ ഇഷ്ടമായിരുന്നു.
അവർ അദ്ദേഹത്തെ 'ചാച്ചാജി' എന്ന് വിളിച്ചു.

നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14 ഇന്ത്യയിൽ ശിശുദിനമായി ആഘോഷിക്കുന്നു.




- അജ്മില .എസ്

9A

# കായിക വിദ്യാഭ്യാസത്തിൻ്റെ പ്രസക്തി

*കായിക ക്ഷമതയും ആരോഗ്യവും ഇച്ഛാശക്തിയുമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ കായിക വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കായിക യോഗ്യത എന്ന് പറയുന്നത് കേവലം ശാരീരികമായ കാര്യക്ഷമത മാത്രമല്ല മറിച്ച് മനസ്സിൻ്റേയും ശരീരത്തിൻ്റേയും കാര്യക്ഷമതയേയും സന്തുലിതാവസ്ഥയും ആണ്. കായിക വിദ്യാഭ്യാസത്തിലൂടെ അടുക്കും ചിട്ടയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്താനും ഇത് സഹായിക്കുന്നു. കായിക പ്രഗൽഭരായവർ രാജ്യങ്ങൾ തമ്മിലുള്ള ഐക്യത്തെ പോലും അനുകൂലമായി സ്വാധീനിക്കാറുണ്ട് , ഉദാഹരണത്തിന് ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ക്രിക്കറ്റ് മത്സരം അവർ തമ്മിലുള്ള വിഭാഗിയതയും മറക്കുവാൻ ഉപകരിക്കുന്നു . ലക്ഷ്യം പൂർത്തീകരിക്കുവാനും അതിനായി ഒന്നിച്ച പൊരുതുവാനും ഉള്ള ആവേശവും ഉത്സാഹവും കായിക പരിശീലനത്തിലൂടെ ലഭിക്കുന്നു .*

*ശരീരത്തെ നിയന്ത്രിക്കുക എന്നത് ബാഹ്യമായി മാത്രം സംഭവിക്കേണ്ട ഒരു കാര്യമല്ല മറിച്ച് മാനസീകമായി നിയന്ത്രണത്തിലൂടെ ആണ് ഇത് സാധ്യമാക്കേണ്ടത്.*

അത് കൊണ്ടാണ്കായിക പരിശീലനം മനസ്സിന്റെ ശരീരത്തിന്റെയും നിയന്ത്രണത്തിന് ഉതകുന്നു എന്ന് പറഞ്ഞത്. ഇതിലെല്ലാമുപരി ആരോഗ്യമുള്ള ഒരു തലമുറയെ അതിലുപരി രോഗവിമുക്തരായ ഒരു ജനതയെ വാർത്തെടുക്കാൻ കായിക വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് വർണനീയമാണ്. ഊർജ്ജസ്വലരായ പുതിയ തലമുറ ഇന്ന് നാടിന്റെ നട്ടെല്ലാണ് .
ഇത് സാധ്യമാക്കുന്നത് ഒരു പരിധി വരെ കായിക വിദ്യാഭ്യാസത്തിലൂടെയാണ്. അലസരും



മടിയരുമാകാതിരിക്കാനും ജീവീത വിജയത്തിനായി പ്രയത്നിക്കുവാനും നാടിനും നാട്ടുകാർക്കും വേണ്ടി അധ്വാനിക്കുവാനും സാമൂഹ്യ സേവന രംഗത്ത് തീക്ഷണതയുള്ളവരായി തീരുവാനും കായിക പരിശീലനം ഒത്തിരി ഉപകരിക്കുന്നു. രാജ്യത്തിന്റെ പുരോഗതിയും വളർച്ചയും സാധ്യമാക്കേണ്ടത് ഊർജ്ജസ്വലരായ പൗരന്മാരിലീടെയാണ്.

ഇവരെ വാർത്തെടുക്കാൻ  കായിക വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്.

-ചന്ദ്രലേഖ
9A

# വിഷാദരോഗം

മനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് മാനസിക സമ്മർദ്ദം. പ്രധാനമായും തലച്ചോറിനെ ബാധികുന്ന ഒരു രോഗാവസ്ഥയാണ വിഷാദം.ഡിപ്രെഷൻ (Depression)എന്ന ഇംഗ്ലീഷിൽ പറയുന്നു.ഭക്ഷണരീതി,ഉറക്കം, വ്യക്തിത്വം,തൊഴിൽ, കുടുംബം,ലൈംഗീക ജീവിതം എന്നിവയെ വലിയ തോതിൽ ബാധിക്കുമ്പോഴാണ് വിഷാദം രോഗമായി മാറുന്നത്.



കിട്ടിക്കൊണ്ടിരിക്കുന്ന സ്നേഹം നഷ്ടപ്പെടുമ്പോൾ, രോഗം പിടിപെടുമ്പോൾ,ജോലി നഷ്ടപ്പെടുമ്പോൾ,സാമ്പത്തിക പ്രശ്നങ്ങളിൽ പെട്ടുഴലുമ്പോൾ,പ്രിയപ്പെട്ടവർമരണപ്പെടുമ്പോൾ,പ്രകൃതിദുരന്തങ്ങൾഉണ്ടാകുമ്പോൾ,ബാല്യകാലത്തു അനുഭവിക്കേണ്ടി വന്ന തിക്താനുഭവങ്ങൾ, ബാല്യകാല മുതിർന്നവരിൽ ലൈംഗീക ചൂഷണത്തിന് ഇരയായവർ,ബലാത്സംഗത്തിന് ഇരയായവർ സ്ത്രീകളിൽ പ്രസവാനന്തരം അർത്തവവിരാമം അഥവാ മെനോപോസ് തുടങ്ങിയ പല

സാഹചര്യങ്ങളും ആളുകളെ വിഷാദരോഗിക ളാക്കി തീർക്കാറുണ്ട്.
ഇതിന്റെ ഫലമായി രോഗികൾ നിരാശയിൽ അണ്ടുപോകാനും അക്രമാസക്തരാകാനും ബന്ധങ്ങൾ തകരാനും ആത്മഹത്യാ പ്രവണത കാണിക്കാനും സാധ്യതയുണ്ട്. അതീവ ഗുരുതരമായ പ്രസവാനന്തര വിഷാദം അമ്മയെയും കുഞ്ഞിനേയും മോശമായി ബാധിക്കാറുണ്ട. മധ്യവയ്സ ക്കരായ സ്ത്രീകളിൽ ആർത്തവവിരാമ സമയത്തുകാണപ്പെടുന്ന അമിതമായ സങ്കടം,പെട്ടന്നുള്ള കോപം, പ്രായമായി എന്നതോന്നൽ,ലൈംഗികതാല്പര്യക്കുറവ്എന്നിവവി ഷാദരോഗവുമായി ബന്ധപ്പെട്ടു കിടക്കുന്നു.ചിട്ടയായ ശാരീരിക വ്യായാമത്തിന്റ കുറവും വിഷാദരോഗം ഉണ്ടാകുവാനുള്ള സാധ്യത വർധിപ്പിക്കുന്നു.
സിറോട്ടോണിൻ,നോർഎപിനെഫ്രിൻ എന്നീ രാസപരിവാഹികരുടെ വിന്യാസത്തിലത്തിലും പ്രവർത്തനത്തിലുമുള്ള കുറവാണ് വിഷാദരോഗത്തിന്റ അടിസ്ഥാനം എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ അടിസ്ഥാനവൈകല്യഎങ്ങനെയുണ്ടാകുന്നുവെന്നത് വ്യക്തമല്ല.എന്നാൽ വിഷാദരോഗ ചികിത്സയ്ക്കുപയോഗിക്കുന്ന ആധുനിക ഔഷധങ്ങൾ പരിവാഹക പദാർത്ഥങ്ങളുടെ കുറവ് പരിഹരിക്കുന്നതായി കണ്ടിട്ടുണ്ട. തലച്ചോറിലെ

നാഡീപ്രേഷണ വ്യവസ്ഥയിലുണ്ടാകുന്ന ക്രമകേടുകൾ ശാരീരിക മാസിക തലങ്ങളിലെ പലതരം അസ്വാസ്ഥ്യങ്ങളായി പരിണമിക്കും. അവയുടെ ആകെത്തുകയാണ ഡിപ്രെഷൻ.

ഇത്മാന സികതലത്തി ലാണ്നമുക്കനുഭവ പ്പെടുന്നത് ,എിലും ശരിരത്തിൽ അതായന് തലച്ചോറിൽ നിന്ന് തന്നെയാണ് തുടുങ്ങുന്നത്.ദുഃഖവും പിരിമുറുക്കവും മാറാതെ നിന്ന് നാഡീപ്രേഷണം വഴിയുള്ള ചില രാസസം പ്രേഷണത്തിൽ ഉണ്ടാകുന്ന അസംതുലിതാവസ്ഥ ഡിപ്രെഷൻ എന്ന അവസ്ഥലേക്ക നയിക്കുന്നു.ഇത് ഒരു മൂഡ് ഡിസോർഡർ ആണ്.അതായത് ഒരു നിശ്ചിത ക്രമത്തിലുള്ള ശാരീരിക മാനസിക അവസ്ഥയെ ആണ് മൂഡ് എന്നുദ്ദേശിക്കുന്നത്. ഈ ക്രമം അതിന്റെ അളവിൽ കൂടുതലോ കുറവോ ആയാൽ മൂഡ് ഡിസോർഡർ ആയിത്തിരുന്നു.

- ഫിദ ഹനീഫ്
9A



# मेरी प्यारी बिल्ली

मेरे घर में एक पालतू बिल्ली है। इसका नाम चक्कु है। उसकी आँखें हरी है एवं शरीर पर सफेद व भूरे बाल है। वह बहुत बहादूर है और कुत्तों से भी नहीं डरती । उसे बिस्कुट , दूध एवं मछली बहुत पसंद है। उसे नारियल खाना भी बहुत अच्छा लगता है। बिल्ली संवेदनशील एवं बुद्धिमान प्राणी है ।वह अपने आसपास के स्थान स्वयं साफ रखती है। पिस्सी बहुत आज्ञाकारी है। जब भी मैं विद्यालय कही बाहर से लैडता हूँ, वह सदैव मेरे स्वागत को तैयार रहती है।

- कदिजा नशवा निशाद

9 A

# വിദ്യാഭ്യാസത്തിൽവിവരസാങ്കേതികവിദ്യ

വിദ്യാഭ്യാസത്തിൽ പുതിയെ സാങ്കേതിക  വിദ്യകൾ കൊണ്ടുവരുന്ന മാറ്റത്തിന്റെ വേഗത ലോകമെമ്പാടുമുള്ള ആളുകളുടെ ജീവിതത്തിലും ജോലിയിലും കളിക്കുന്ന രീതിയിലും കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.  പുതിയതും ഉയർന്നുവ രുന്നതുമായ സാങ്കേതികവിദ്യകൾ പരമ്പ രാഗതമായ അധ്യാപനത്തിന്റെയും പഠനത്തിന്റെ യും പ്രക്രിയയേയും വിദ്യാഭ്യാസം  കൈകാരം ചെയ്യുന്ന രീതിയേയുംവെല്ലുവിളിക്കുന്നു. വിവരസാങ്കേതികവിദ്യ , അതിന്റേതായ ഒരു പ്രധാന പഠനമേഖലകളിലും വലിയ സ്വാധീനം ചെലുത്തുന്നു. ലോകമെമ്പാടുമുള്ള എളുപ്പത്തിലുള്ള ആശയവിനിമയം,ഡാറ്റയുടെ.

ഒരു വലിയ നിരയിലേക്ക് തൽക്ഷണ ആക്സസ് നൽകുന്ന ,വെല്ലുവിളിക്കുന്ന സ്വാംശീകരണം , വിലയിരുത്തൽ കഴിവുകൾ.ദ്രുതഗതിയിലുള്ള ആശയവിനിമയവും വീട്ടിലും ജോലിസ്ഥലത്തും . വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഐടിയിലേക്കുള്ള വർദ്ധിച്ച പ്രവേശനവും അർത്ഥമാക്കുന്നത് പഠനം ഒരു യഥാർത്ഥ ആജീവനാന്ത പ്രവർത്തനമായി മാറുമെന്നാണ്.

## ***വിദ്യാഭ്യാസത്തിൽ ഇൻഫെർമേഷൻ ടെക്നോളജിയുടെ ആവശ്യകതയും പ്രാധാന്യവും***

### ആവശ്യം

വിദ്യാഭ്യാസം ഒരു ആജീവനാന്ത പ്രക്രിയയാണ്, ആതിനാൽ എപ്പോൾ വേണമെങ്കിലും എവിടെയും പ്രവേശനം ആവശ്യമാണ്.വിവര സ്ഫോടനം അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്നു.

പ്രതിഭാസമാണ്,അതിനാൽ ഈ വിവരങ്ങളിലേക്ക് പ്രവേശനം നേടേണ്ടതുണ്ട്.

## പ്രാധാന്യം

- വിവിധ പഠന വിഭവങ്ങളിലേക്കുള്ള പ്രവേശനം
- വിവരങ്ങളോടുള്ള ഉടനടി
- എപ്പോൾ വേണമെങ്കിലും പഠിക്കുന്നു
- എവിടെയും പഠിക്കുന്നു
- സഹകരിച്ചുള്ള പഠനം


- *നൂറ അൻസർ*
*9A*

# ഡോ. എ. പി. ജെ. അബ്ദുല് കലാം

1937 ഒക്ടോബർ 15-ന് തമിഴ്നാടിലെ രാമേശ്വര-
ത്താണ് അബ്ദുല് കലാം ജനിച്ചത്.ബാല്യകാലത്ത്
പത്രവിതരണക്കാരനായി ജോലിചെയ്ത് ഇന്ത്യൻ
പ്രസിഡന്റ് വരയായ ഒരു ശാസ്ത്രജ്ഞനാണ്
ഡോ.എ.പി.ജെ. അബ്ദുല്കലാം.സ്കൂൾ വിദ്യാഭ്യാ
സക്കാലം മുതല് അദ്ദേഹത്തിന് വായാശീലമുണ്ടാ
യിരുന്നു.രാമേശ്യരത്തായുന്ന അദ്ദേഹത്തിന്റെ
പ്രാഥമിക വിദ്യാഭ്യാസം.തുടർന്ന് ഷ്യർട്സ് സ്കൂളില്
സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കി ട്രിച്ചി
യിലെ സെന്റ ജോസഫ് കോളേജില് ചേർന്നു.
അവിടെ നിന്നും ഇന്റർ മീഡിയറ്റ് കഴിഞ്ഞ് ഊർ
ജ്ജതന്ത്രത്തില് ബിരുദവും നേടി. ചെന്നൈ ഇന്
സ്റ്റിറ്റ്യട്ട ഓഫ് ടെക്നോളജിയില് നിന്നും എഞ്ചിനി
യറിംഗ് ബിരുദമെടുത്തു. തുടർന്ന് ബ്ംഗ്ലൂരിലെ
ഹിന്ദുസ്ഥാന് എയ്റോനോട്ടിക്സ് ലിമിറ്റഡില്
പരിശീലനം നേടിയശേഷം പ്രഗത്ഭനാ യ ഒരു
എയ്റോനോട്ടിക്കല് എന്ജിനിയറായി. തുടർന്ന് ല്
മുതിർന്ന സൈന്റിഫിക് അസിസ്റ്റൻായി ജോലി
ലഭിച്ചു. എയർ ക്രാഫ്റ്റ് & ആർമ്മെന്റ് ടെസ്റ്റിങ്
യൂണിറ്റില് പരിശീലനം നെടി. എയ്റോനോട്ടിക്കല്
ഡെവല പ്പമെന്റ എസ്റ്റാബ്ലിഷ് മെന്റില്ല

നിയമിതനായി 1964-ല് തിരുവനന്തപുരത്തുള്ള ഐ.എസ്.ആർ.ഒ. യില് ചേർന്നു. നമ്മുടെ രാജ്യത്തിന്റ റോക്കറ്റ് പര്യവേഷണത്തിൽ അദ്ദേഹം വലിയ പങ്കുവഹിച്ചിട്ടുണ്ട് . ഫൈബർ ഗ്ളാസ്സുകൾ കൊണ്ട് റോക്കറ്റ് മോട്ടോറുകൾ നിർമിക്കുന്നതിന് വളരെ യതികം വിലപ്പെട്ട സംഭാവനകൾ നൽകി . S.L.V പ്രൊജക്റ്റ് ഡയറക്ടറായി 1973- ൽ നിയമിതനായി .അഗ്നി , പൃഥ്വി എന്നി ഇന്ത്യൻ നിർമ്മിതമിസൈലുകളുടെ ശില്ലി ,ശേഷം ഡിഫെൻസ് റിസേർച്ച് ആന്ഡ് ഡെവലപ്പമെന്റ് ഓഗനൈസേഷന്റെ(DRDO)ഡയറക്ടർ,തുടർന്ന് സമഗ്ര മിസൈല് പദ്ധതിയുടെ മേധവി. രാജ്യരക്ഷാമന്ത്രിയുടെ ശാസ്ത്രകാര്യ ഉപദേഷ്ടാവ് എന്നീ നീലകളില് പ്രവർത്തിച്ചു.രാജ്യത്തിന് നല് കിയ സമഗ്ര സംഭാവന മാനിച്ച് അദ്ദേഹത്തിന് രാഷ്ട്ടംപത്മഭൃഷണ് ,പത്മവിഭൃഷണ്,ഭാരതരത്നം, ആര്യഭട്ട അവാർഡ് എന്നിവ നല്കി, 1997-ലാണ് ഭാരതരത്നം ലഭിച്ചത്. ഇന്ത്യയുടെ മിസൈൽ വികസന പദ്ധതിയുടെ പിതാവ് എന്നറിയപ്പെടുന്ന ഡൊ.എ.പി.ജെ അബ്ദുൽ കലാം 2002-ൽ പതിനൊന്നാമത്തെ ഇന്ത്യൻ രാഷ്ട്ടപതിയായി . 2002-2007 കാലഘട്ടത്തിൽ ഇന്ത്യൻ രാഷ്ട്ടപതിയായി സേവനമനുഷ്ഠിച്ചു .

രാഷ്ട്രപതി പദവിയിലെത്തിയ ലോകത്തെ ആദ്യത്തെശാസ്ത്രജ്ഞൻ കൂടിയാണ് അബ്ദുൽ കലാം. ജനകിയ പ്രസിഡൻ്റ് എന്നറിയപ്പെടുന്നത് അബ്ദുൽ കലാമാണ് അമേരിക്കയിൽ നൽപ്പെടുന്ന ഹവർ അവാർഡ് നേടിയ ആദിയ ഏഷ്യ ക്കാരനാണ് അദ്ദേഹം *2008* മുതൽ *2015* വരെ തിരുവനന്തപുരെത്ത വലിയമലയില് സ്ഥിതി ചെയ്യുന്ന ഇന്ത്യന് ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയന്സ് ആന്റ് ടെക്നോളജിയുടെ ചാൻസലർ ആയിരുന്നു എ പി ജെ  അബദുൽ കലാം.*2015* ജൂലൈ *27* ാം തീയതി മേഘാഘലയയിൽ ഷില്ലോങ്ങിലെ ഐ ഐ എം യിൽ പ്രസംഗിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ കുഴഞ്ഞു വീഴുകയും മരണം സംഭവിക്കുകയും ചെയ്തു. അഗ്നിചിറകുകൾ അദ്ദേഹത്തിന്റെ ആത്മകഥയാണ്.



ന്യൂറ റിയാസ്
*9A*


# കൂട്ടുകാർ



സീതയുടെ പുതിയ സ്കൂളിലെ ആദ്യ ദിവസമായിരുന്നു അത്. അവൾക്ക് വളരെയധികം ആകാംക്ഷയായിരുന്നു, കാരണം പുതിയ സ്കൂൾ, പുതിയ അധ്യാപകർ,അതിലുപരി പുതിയ കൂട്ടു കാരെയുമൊക്കെ കിട്ടാൻ പോകുകയാണ്. ഇതൊക്കെ മനസ്സിൽ കണ്ടുകൊണ്ട് സീത സ്കൂളി ലേക്ക് പോകുകയാണ് . സ്കൂളിലെത്തിയതും അവളുടെ ആകാംക്ഷ വർദ്ധിച്ചു . വളരെ സന്തോ ഷത്തോടെയാണ് ക്ളാസ്സിലേക്കു കയറിയത് . കുട്ടികൾ കുറവായ ഒരു ബെഞ്ചിൽ ആവൾ ഇരുന്നു . ആപ്പോൾ ആവിടെ ഇരുന്ന ഒരു കുട്ടി അവളോട് ദേഷ്യത്തോടെ പറഞ്ഞു " ഇത് ഞങ്ങളുടെ സ്ഥലമാണ്"."വേണമെങ്കിൽ വേറെ എവിടെടെങ്കിലും പോയിരിക്ക്." സീത സങ്കടത്തോടെ മറ്റൊരു സ്ഥലത്ത് പോയിരുന്നു .

ആകെ വിഷമിച്ചിരുന്നു സീതയോട് അവളുടെ അടുത്തിരുന്ന ഒരു കുട്ടി "നിൻെറ പേരെന്താണ് ? "എന്നു ചോദിച്ചു . അവൾ പറഞ്ഞു "എന്റെ പേര് സിത.നിന്റെ പേരെന്താണ്?" "എന്റെ പേര് ദിയ . നീ ആദ്യം അവിടെയല്ലെ ഇരുന്നത് ? പിന്നെ എന്താ ഇങ്ങോട്ട് വന്നത് ? "സീത ആദ്യം ഇരുന്ന സ്ഥലം ചൂണ്ടിക്കാണിച്ചുക്കൊണ്ട് ദിയ ചോദിച്ചു . "ഞാൻ അവിടെ ഇരിക്കാൻ ആ കുട്ടി  സമ്മ തിക്കുന്നില്ല. "സീത വളരെ വിഷമത്തോടെ ആ കുട്ടിയെ ചൂണ്ടി കാണിച്ചുക്കൊണ്ട് പറഞ്ഞു . "അവളുടെ പേര് ചിന്നു എന്നാണ് .അവളുടെ അടുത്തിരിക്കുന്ന കുട്ടിയുടെ പേരാണ് ആമി ." "അവൾ സാതാരണ ആരോടും ഇങ്ങനെയൊന്നും പെരുമാറാത്തതാണ്!" ദിയ അമ്പരപ്പോടെ പറഞ്ഞു . ഇതേ സമയം ആമി ചിന്നുവിനോട് ചോതിക്കുകയാണ്, "ചിന്നു ആ കുട്ടിയെ ഇവിടെ എന്താ നീ ഇരിക്കാൻ അനുവതിക്കാത്തത് ?" അപ്പോൾ ചിന്നു പറഞ്ഞു "എനിക്ക് തോന്നുന്നു, അവൾ ഒരു ഹിന്ദു കുട്ടിയാണെന്ന് നമ്മൾ മുസ്ലീം അല്ലെ?! അതുകൊണ്ട് ഞാൻ അവളെ ഇവിടെ

ഇരുത്താതിരുന്നത് . ”
ഇതുകേട്ട് ആമി . പറഞ്ഞു ,
“ചിന്നു ജാതിയും മതവും
നോക്കിയാൽ നമ്മൾ
കൂട്ടുക്കാരെ തിരഞ്ഞെടു
ക്കേണ്ടത് . അതിന്നല്ലൊരു
മനസ്സാണു വേണ്ടത് .



കൂട്ടു ക്കാർക്കിടയിലേക്ക്
ജാതിയും മതവും ഒരിക്കലും
കടന്നുവരാൻ പാടില്ലായെന്ന് എന്റെ ഉമ്മായാണ്
എനിക്ക് പറഞ്ഞു തന്നത് . നിന്റെ ഉമ്മയും
ഇങ്ങനെ തന്നെയാണ് പറയൂ . ഇത്
കേട്ടപ്പോൾ ചിന്നുവിന് വളരെയതികം കുറ്റ
ബോധം തോന്നി . ഇനി ഒരിക്കലും ജാതിയും
മതവും നോക്കി കൂട്ടുക്കാരെ തിരഞ്ഞെടുക്കില്ല
സത്ത്യം !”ചിന്നു ആമിക്ക് വാക്കുക്കൊടുത്തു.
പിന്നീട് അവർ രണ്ടുപ്പേരും സീതയോട് മാപ്പു
ചോതിക്കുകയും അവളോട് കൂട്ടുക്കൂടുകയും
ചെയ്തു. സീതക്ക് വളരെ യതികംസന്തോഷമായി.
താൻ ആഗ്രഹിച്ചതുപോലെ തന്നെ അവൾക്ക്
നന്മയുള്ള കുറേ കൂട്ടുക്കാരെ കിട്ടി .

ഇതോടെ അവർ ഉറ്റ ചങ്ങാതിമാരായി മാറുകയും ചെയ്തു .



- സീതാ ലക്ഷ്മി.ജെ.കെ.

6A

# മിന്നുവിന്റെ റോസാച്ചെടി

മിന്നുവിന്റെ വീട്ടിലെ റോസ്സാച്ചെടിയിൽ രണ്ടു സുന്ദരി പൂക്കൾ ഉണ്ടായിരുന്നു . ആമിയും അമ്മുവും . കുസൃതിക്കാരിയായ മിന്നുവിന് റോസാ പൂക്കൾക്ക് പേടിയായിരുന്നു . കാരണം , അവൾ പലപ്രാവിശ്യം പൂക്കളെ ഇറുക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ, അപ്പോഴൊക്കെ മിന്നുവിന്റെ അമ്മ അവളെ എന്തെങ്കിലും കാര്യങ്ങൾക്കായി വിളിക്കും . ശൊ ! ഈ മിന്നുവിനെ കൊണ്ട് എന്തൊരു ശല്ല്യമാണ്ണ്.ആമി പറഞ്ഞു . "അതേ! ഇവൾ എപ്പോഴും നമ്മളെ ഇറുക്കാൻ നോക്കും. ഭാഗ്യം കൊണ്ടാണ് രക്ഷപെടുന്നത് ." അമ്മു പറഞ്ഞു . ഇങ്ങനെയൊക്കെ മിന്നുവിനെ കുറ്റം പറയുമെങ്കിലും അവർക്ക് രണ്ടു പേർക്കും അവളെ വളരെ ഇഷ്ടമായിരുന്നു . കാരണം , മിന്നുവായിരുന്നു റോസാച്ചെടി വെച്ചുപിടിപ്പിച്ചതും വെള്ളം ഒഴിച്ചിരുന്നതും . പക്ഷെ , അവൾ തങ്ങളോടും ഇതുവരെ ഒന്നും സംസാരിച്ചിരുന്നില്ല .



ഒരിക്കലും തങ്ങളുടെ അടുത്തേയ്ക്ക് കൈയ്യും നീട്ടി വരുന്ന മിന്നുവിനെ കണ്ട് ആമിയും അമ്മുവും ഭയന്ന് വിറച്ചു . മിന്നുവിനെ അന്വേഷിച്ച് വന്ന അമ്മ ഈ കാഴ്ച്ച കണ്ട് അവളെ

തടഞ്ഞുകൊണ്ട് പറഞ്ഞു , "മിന്നു! നീ എന്താ ഈ ചെയ്യുന്നത് ?! നീ തന്നെ വച്ചുപിടിപ്പിച്ച ചെടിയിലെ പൂക്കൾ നീ തന്നെ ഇറുത്ത് മാറ്റുന്നോ ?" "അതിനെന്താ പ്രശ്നം ? പൂക്കളല്ലെ? " മിന്നു ചോദിച്ചു . "മിന്നൂ ... നമ്മളെ പോലെ തന്നെ ആവർക്കും ജീവനുണ്ട് . അതുക്കൊണ്ട് ഒരിക്കലും ചെടികളോ പീക്കളൊ നശിപ്പിക്കാൻ പാടില്ല " അമ്മ പറഞ്ഞു . "ശെരിയമ്മെ ! ചെടികൾക്കും പൂക്കൾക്കും ജീവനുണ്ടെന്ന് എനിക്കറിയില്ലായിരുന്നു . ഇനി ഒരിക്കലും ഞാൻ ചെടികളും പൂക്കളും നശിപ്പിക്കില്ല "മിന്നു പറഞ്ഞു... മിന്നുവിന്റെ മറുപടിക്കേട്ട ആമിക്കും അമ്മുവിനും സന്തോഷമായി " അതു മാത്രമല്ല മിന്നു എന്നും നമ്മളെ തലോടുകയും സ്നേഹത്തോടെ അവരോട് സംസാരിക്കും. അപ്പോഴാണ് ചെടികൾ സന്തോഷത്തേടെ വളരുന്നതും നിറയെ പൂവിടുന്നതും ." അമ്മ പറഞ്ഞു ... അതിന് ശേഷം മിന്നു എന്നും റോസാപ്പൂക്കളെ തലോടുകയും അവരോട് കിന്നാരം പറയുകയും ചെയ്യ്തു . റോസച്ചെടിയെ നിറയെ പൂവിട്ട് തന്റെ സന്തോഷം പ്രകടിപ്പിച്ചു .



ഗുണപാഠം :-
എല്ലാവരോടും സ്നേഹത്തോടെ പെരുമാറിയാൽ ജീവിതത്തിൽ സന്തോഷം നിറയും.

**സീതാലക്ഷ്മി . ജെ . കെ**
6A



# നന്ദി

**റൂബി ടീച്ചർ**
**ദീപ ടീച്ചർ**
**സ്മിത ടീച്ചർ**
**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**